5. ടെൻഡറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾക്ക് ഇത്തരം പ്രവൃത്തികൾ ചെയ്തുള്ള മുന്നറിവ് കാണിക്കുന്ന രേഖകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിഷയത്തിൽ മുന്നറിവില്ലാത്ത സ്ഥാപനങ്ങളുടെ ടെൻഡറുകൾ കാരണം കാണിക്കാതെതന്നെ നിരസിക്കുന്നതാണ്.

6. സ്ഥാപനങ്ങളുടെ ലെറ്റർപാഡിൽ തയ്യാറാക്കിയ വിശദവിവരങ്ങൾ അടങ്ങിയ ക്വട്ടേഷൻ 02/01/2015-ന് 3 മണിക്ക് മുൻപ് അദ്ധ്യക്ഷകാര്യാലയത്തിൽ ലഭിക്കേണ്ടതാണ്. നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല. ലഭിച്ച ക്വട്ടേഷനുകൾ അന്നേ ദിവസം 3.30 പി.എം.ന് ടെൻഡർ സമർപ്പിക്കുന്ന വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

7. ടെൻഡർ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ ഈ വിഷയത്തിൽ വകുപ്പദ്ധ്യക്ഷനുമായി ജോലി തുടങ്ങുന്നതിന് മുമ്പ് കരാറിൽ ഒപ്പിടേണ്ടതാണ്.

8. ചിതലിനെതിരെ രാസസംരക്ഷണം നടത്തുന്ന സ്ഥലവിസ്തീർണ്ണം ആർക്കിയോളജിക് കെമിസ്റ്റ് പരിശോധിച്ച് അളന്നുതിട്ടപ്പെടുത്തുന്നതും, അതനുസരിച്ചുള്ള ബില്ലുകൾ (pre-receipted) ഈ സ്ഥാപനങ്ങൾ ആർക്കിയോളജിക് കെമിസ്റ്റിന് സമർപ്പിക്കേണ്ടതുമാണ്.

9. ചിതലിനെതിരെ രാസസംരക്ഷണം നടത്തുന്ന മ്യൂസിയങ്ങളിലും, സംരക്ഷിതസ്മാരകങ്ങളിലും, ഇത്തരം പ്രവർത്തികൾ കഴിഞ്ഞ് അഞ്ച് വർഷത്തിനകം ചിതലിന്റെ ശല്യം ഉണ്ടായതായി കണ്ടാൽ, ഈ പ്രവർത്തി ചെയ്ത സ്ഥാപനം സ്വന്തം ചിലവിൽ വീണ്ടും ചിതൽ ശല്യമുള്ള സ്ഥലം രാസസംരക്ഷണം നടത്തേണ്ടതാണ്. ബില്ലിനോടൊപ്പം ഇത്തരം ഒരു ഉറപ്പ് കാണിക്കുന്ന സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.

10. ടെൻഡറുകൾ യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, സ്വീകരിക്കുന്നതിനും, ഇതിന്മേൽ ബന്ധപ്പെട്ട ഏത് തീരുമാനം എടുക്കുന്നതിനും വകുപ്പദ്ധ്യക്ഷന് പൂർണ്ണ അധികാരം ഉണ്ടായിരിക്കും. മുഴുവൻ ടെൻഡർ നടപടികളും യാതൊരു കാരണവും കാണിക്കാതെ പൂർണ്ണമായും റദ്ദ് ചെയ്യുന്നതിനും വകുപ്പദ്ധ്യക്ഷന് അധികാരം ഉണ്ടായിരിക്കും. കരാർ ഉറപ്പിക്കുന്നവർക്ക് മുൻകൂർ തുക അനുവദിക്കുന്നതല്ല.

ഡയറക്ടർ

OFFICE OF THE DIRECTOR OF ARCHAEOLOGY TRIVANDRUM-23